بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 06/05/2016

**(28 RAJAB 1437 HIJRI)**

## Hazrat Khalifathullah Munir Ahmad Azim (A)

## “WHAT IS ISLAM ?” ഇസ്ലാം എന്താകുന്നു ?

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം **ഇസ്ലാം എന്താകുന്നു** എന്ന വിഷയത്തെ ആസ്പദമാക്കി തന്റെ പ്രസംഗം ആരംഭിച്ചു. കഴിഞ്ഞ വെള്ളിയാഴ്ച ഞാൻ വിശദീകരിച്ചതുപോലെ ഇസ്ലാം എന്ന വാക്ക് സിൽമ് എന്ന അറബിക് ധാതുവിൽ നിന്നാണ് ഉത്പന്നമായിട്ടുള്ളത്. അതിന്റെ അർത്ഥം സമാധാനം എന്നാകുന്നു. ഇസ്ലാം ആശ്ലേഷിച്ചിട്ടുള്ള വിവിധ രാജ്യങ്ങളിൽ നിന്നുള്ള ജനങ്ങളെ സംബന്ധിച്ചിടത്തോളം, അവർക്ക് അറബിക് ഭാഷ നല്ല നിലയിൽ കൈകാര്യം ചെയ്യാൻ അറിയില്ല, അതുകൊണ്ട് തന്നെ അവർ അതിനെ വേണ്ട പോലെ വിശകലനം ചെയ്തിട്ടില്ല, ഇസ്ലാം എന്ന വാക്കിന്റെ യഥാർത്ഥ അർത്ഥത്തെ ഉൾക്കൊണ്ടിട്ടില്ല. ആയതിനാൽ ഞാൻ ചിന്തിക്കുകയായിരുന്നു, ഇന്നത്തെ എന്റെ ഖുത്തുബ, ഇസ്ലാം എന്താണ്, എന്നതിനെപ്പറ്റിയുള്ള എന്റെ വിശദീകരണം തുടരാമെന്ന് !

എന്റെ പ്രിയ സഹോദരീ സഹോദരന്മാരെ, മനുഷ്യസമൂഹത്തിലും, ആകാശങ്ങളിലും, ഭൂമിയിലും കാണുന്ന എല്ലാ ജീവികളിലും, അവയുടെ ശരീരത്തിലും ആത്മാവിലും വീണ്ടും വീര്യം വർദ്ധിപ്പിക്കുന്ന ഹൃദയ പമ്പ് പോലെയാണ് ഇസ്ലാം. നമുക്ക് ചുറ്റും കാണുന്ന ആകാശ ഭൂമികളുടെ മനോഹര വിശാല പ്രകൃതി ദൃശ്യം, നമ്മുടെ നെഞ്ചകത്ത് സാക്ഷിപത്രമായി കൊണ്ടു വരുന്നു, ഈ കാണുന്ന പ്രകൃതി തീർച്ചയായും ഒരു മഹാനായ സ്രഷ്ടാവിന്റെ സൃഷ്ടി തന്നെയെന്ന് ! ക്രമഭംഗിയോടെ രൂപകൽപന ചെയ്തിരിക്കുന്ന ഈ പ്രപഞ്ചത്തിന്റെ നിലനിൽപ്പിനെപ്പറ്റി ആധുനിക ശാസ്ത്രം, നിശിതമായ അന്വേഷണങ്ങളിലൂടെ, നമ്മെ പഠിപ്പിക്കുന്നു, നമ്മെ നയിക്കുന്നു, ഒരു അതിമഹത്തായ ശക്തി നിലനിൽക്കുന്നതിലുള്ള വിശ്വാസത്തിലേക്ക്, ഒരു അതി മഹത്തായ ബുദ്ധി കേന്ദ്രം ഈ വൈവിദ്ധ്യമാർന്ന, എന്നാൽ ക്രമപ്രകാരം രൂപ കൽപന ചെയ്തിരിക്കുന്ന പ്രപഞ്ചത്തിന് പിന്നിൽ പ്രവർത്തിക്കുന്നുവെന്നും, ആ അതിമഹത്തായ ശക്തി പ്രഭാവം ഈ പ്രപഞ്ചത്തെ നിലനിർത്തിയിരിക്കുന്നുവെന്നും, അതിലെ ജീവനും വളർച്ചയ്ക്കും ആവശ്യമായതെല്ലാം നൽകിയിരിക്കുന്നുവെന്നും മനസ്സിലാകുന്നു. നൂതന ഗവേഷണങ്ങൾ, പുതിയ ആകാശ ഗംഗകളെ, ഭൂമി ഉൾപ്പെടുന്ന ആകാശ ഗംഗയുടെ സഹോദരിമാരായി കണ്ടെത്തിയിരിക്കുന്നു. അത്തരം കണ്ടു പിടിത്തങ്ങൾ, ശാസ്ത്രീയ അറിവുകൾ ശക്തി പകരുന്നത് അല്ലാഹുവിന്റെ മഹത്വത്തിലേക്കും അവന്റെ അതിവിശാലമായ കഴിവിലേക്കുമാണ്. അങ്ങനെ, ആധുനിക ശാസ്ത്രം പോലും, അതിന്റെ എണ്ണമറ്റ ഗവേഷണങ്ങളിലൂടെ, അല്ലാഹുവിന്റെ വാക്കുകൾ ശരിയാണെന്ന് തെളിയിച്ചിരിക്കുന്നതായി നാം കണ്ടെത്തുന്നു. പരിശുദ്ധ വേദഗ്രന്ഥങ്ങളിൽ അത് രേഖപ്പെടുത്തപ്പെട്ടിട്ടുള്ളതാണ്; വിശിഷ്യാ അവസാന നിയമമായ, വിശുദ്ധ ഖുർആൻ അത് സത്യമാണെന്ന് തെളിയിക്കുന്നു. ഈ പ്രപഞ്ചം, ശാസ്ത്രത്തിൽ നിന്നും നാം മനസ്സിലാക്കിയതുപോലെ, എല്ലാം സുസംഘടിതമാക്കപ്പെട്ട ഒരു സമുച്ചയമാണ്. അവയുടെ ഓരോ ഭാഗവും മനോഹരമായും ഇണക്കത്തോടെയും ഘടിപ്പിക്കപ്പെട്ടിരിക്കുന്നു. മാത്രമല്ല ഇവയുടെ ഓരോ ഘടകവും നിയമവ്യവസ്ഥയ്ക്ക് വിധേയമായാണ് നിലനിൽക്കുന്നത്. നിർദ്ദിഷ്ടമായ മാറ്റമില്ലാത്ത നിയമവ്യവസ്ഥയിലൂടെയാണ് ഇവ ഓരോന്നും നീങ്ങിക്കൊണ്ടിരിക്കുന്നത്. നമ്മുടെ സൂര്യ വ്യവസ്ഥയിലെ വലിയ ഗ്രഹങ്ങളോ (മറ്റ് ഗ്യാലക്സികളിലും അങ്ങനെ തന്നെ) ജീവൻ തുടിക്കുന്ന മണ്ണിലെ ഒരു ചെറിയ ഘടകത്തിനോ ആ വ്യവസ്ഥിതിയിൽ നിന്നും അണുകിട വ്യതിചലിക്കുവാൻ കഴിയുകയില്ല. അവരുടെ ജീവിതം, സമ്പൂർണ്ണ കീഴടങ്ങലിന്റെ ജീവിതമാകുന്നു. അവർ ജീവിക്കുന്നത് തികച്ചും അല്ലാഹുവിന്റെ നിയമവ്യവസ്ഥ അനുസരിച്ചാകുന്നു. അവരുടെ ലക്ഷ്യത്തിൽ നിന്നോ, ഉദ്ദേശ്യത്തിൽ നിന്നോ ഒരിക്കലും വ്യതിചലിക്കുകയില്ല. നേരെ പറഞ്ഞാൽ, അവരുടെ ജീവിതം ഇസ്ലാമിന്റെ

ജീവിതമാകുന്നു. അതായത് ദൈവീക തീരുമാനങ്ങൾക്ക് കീഴടങ്ങി കഴിയുക. മറ്റൊരു വാക്കിൽ പറഞ്ഞാൽ, അവർ മുസ്ലീകളാകുന്നു. ഈ സത്യത്തെ പരാമർശിച്ച് വിശുദ്ധ ഖുർആൻ പറയുന്നു. **"വാസ്തവത്തിൽ ആകാശങ്ങളിലും ഭൂമിയിലുമുള്ളവരെല്ലാം സ്വമനസ്സാലെയോ നിർബന്ധിതമായോ അവന് കീഴ്പെട്ടിരിക്കുന്നു. (ഒടുവിൽ) അവങ്കലേക്ക് തന്നെ അവർ തിരിച്ചയക്കപ്പെടുന്നതുമാണ്"** 3:84 ഈ പൊതു നിയമത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ളത് മനുഷ്യനെ മാത്രമാണ്. സൃഷ്ടിപ്പിൽ അവന് ചിന്താ ശക്തിയും സ്വന്തം ഇഷ്ടപ്രകാരം ചെയ്യുവാനുള്ള സ്വാതന്ത്ര്യവും നൽകിയിരിക്കുന്നു. മുഴുവൻ പ്രവർത്തനരംഗത്തും അവന് ഉന്നത സ്ഥാനം നൽകിയിരിക്കുന്നു. ഇക്കാരണത്താൽ അവന്റെ പ്രവർത്തനരീതികളോ, പെരുമാറ്റ രീതികളോ പ്രവചിക്കാവതല്ല. സൂര്യന്റെ പ്രവർത്തന രീതി ഒരാൾക്ക് പ്രവചിക്കുവാൻ കഴിയും, കാരണം ഇത് പ്രവർത്തിക്കുന്നത് ഒരു നിശ്ചിത വ്യവസ്ഥയിലാണ്. അതിൽ നിന്ന് വ്യതിചലിക്കുവാനുള്ള സ്വാതന്ത്ര്യം അതിനില്ല. എന്നാൽ ഒരു മനുഷ്യന്റെ കാര്യത്തിൽ ഒരാൾക്ക് പ്രവചനം നടത്തുവാൻ കഴിയില്ല. പ്രപഞ്ചത്തിലെ മുഴുവൻ വസ്തുക്കളുടെയും പ്രവർത്തനങ്ങൾ, നിശ്ചിത ക്രമത്തിലും അളവിലും വിഭാവന ചെയ്തിരിക്കുന്നു. എന്നാൽ മനുഷ്യനു മാത്രമാണ് തന്റെ പ്രവർത്തന രീതി എങ്ങനെയായിരിക്കണമെന്ന് തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം നൽകിയിരിക്കുന്നത്. അവന് സ്വയം വേണമെങ്കിൽ നിർമ്മിക്കാം; അതുപോലെ വേണമെങ്കിൽ സംഹരിക്കാം. എന്നാൽ ഇവയുടെ അനന്തരഫലങ്ങൾ അവന് അടുത്ത ലോകത്ത് നേരിടേണ്ടി വരും.

മറ്റ് സൃഷ്ടികളുമായി താരതമ്യം ചെയ്യുമ്പോൾ, മനുഷ്യന് തന്റെ കാര്യം തെരഞ്ഞെടുക്കുവാൻ കഴിയും, അതിനുള്ള വഴിയും അവന് കണ്ടെത്തുവാൻ കഴിയും. ഈ ലക്ഷ്യം നേടുന്നതിന് അവൻ അവന്റെ ബുദ്ധിയെയാണ് ആശ്രയിക്കുന്നത്. എന്നാൽ ആ വഴിയിൽ, അവൻ തെറ്റുകൾ ചെയ്യുന്നു. അതോടൊപ്പം അവൻ വലിയ കാര്യങ്ങൾ നേടുകയും ചെയ്യുന്നു. എന്നാൽ ഒടുവിൽ അവൻ ആകെ കുഴപ്പത്തിൽ ചാടുന്നു. അവന്റെ സമ്പാദ്യമായി ഉണ്ടായിരുന്ന അതേ കഴിവ് തെറ്റായ നിലയിൽ ഉപയോഗിച്ചതുമൂലം അത് തനിയെ പ്രവർത്തനരഹിതമായ ഉപകരണമായി മാറുന്നു. മനുഷ്യന്റെ ബുദ്ധിക്ക് ഒരു പരിധിവരെ മാത്രമേ അവനെ സഹായിക്കുവാൻ കഴിയുകയുള്ളൂ, കാരണം ബുദ്ധി പ്രവർത്തിക്കുന്നത് അറിയപ്പെടുന്ന വസ്തുതകളെ അടിസ്ഥാനമാക്കിയാണ്, അതിലൂടെ അറിയപ്പെടാത്ത കാര്യങ്ങൾ കണ്ടെത്തുകയാണ്. ഒരു പരിധി വരെ മാത്രമെ ഇതിന് കാര്യക്ഷമമായി പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഭൗതിക യാഥാർത്ഥ്യങ്ങളുടെ പ്രവർത്തന രീതിയെക്കുറിച്ച് ! എന്നാൽ അടിസ്ഥാന യാഥാർത്ഥ്യങ്ങളുടെ മേഖലയിലേക്ക് ഇത് പ്രവേശിക്കുമ്പോൾ, അവിടെ പ്രഥമമായിട്ടും കൈവശം ഉണ്ടായിരിക്കേണ്ടത്, കഴിഞ്ഞ കാലങ്ങളെക്കുറിച്ചുള്ള വിപുലമായ അറിവാണ്, വർത്തമാനകാലത്തെക്കുറിച്ചുള്ള വിപുലമായ അറിവാണ്, ഭാവിയെപ്പറ്റിയുള്ള വിപുലമായ അറിവാണ്. എന്നാൽ ബുദ്ധിക്ക് നൽകാൻ കഴിയുന്നത് അഭ്യൂഹങ്ങളും നിഗമനങ്ങളുമാണ്. ബുദ്ധിയുടെ പ്രകൃതി തന്നെ ജീവിതത്തിന്റെ പരമമായ സത്യങ്ങൾ കണ്ടെത്തുവാൻ അശക്തമാണ്. മനുഷ്യാത്മാവ് മരണാവസ്ഥയിലായിരിക്കുവോളം, ആ പരമമായ സത്യങ്ങൾ അചഞ്ചലമായ നിലയിൽ അറിയുവാൻ കഴിയില്ല, കാരണം അവയില്ലാതെ ജീവിതത്തിന്റെ യഥാർത്ഥ അർത്ഥം വിവരാണാതീതമായി അവശേഷിക്കും. മനുഷ്യ പ്രയത്നത്തിന്റെ യഥാർത്ഥ ധർമ്മ സംഹിത കൃത്യമായി അറിയാതെ അവശേഷിക്കും. ശാസ്ത്രത്തിന് ഇത് നമുക്ക് നൽകുവാൻ കഴിയില്ല. കാരണം ശാസ്ത്രം കൈകാര്യം ചെയ്യുന്നത്, നമ്മുടെ മുന്നിലുള്ള ഭൗതിക യാഥാർത്ഥ്യങ്ങൾ മാത്രമാണ്. തത്വചിന്തയ്ക്കും ഇത് പ്രദാനം ചെയ്യുവാൻ കഴിയില്ല, കാരണം ഇത് പ്രവർത്തിക്കുന്നത് അടിസ്ഥാന തത്വങ്ങളുടെയും ഊഹങ്ങളുടെയും അടിസ്ഥാനത്തിലാണ്.

ഈ അവസ്ഥയിൽ, മനുഷ്യാത്മാവ്, അല്ലാഹുവിൽ നിന്നുള്ള മാർഗ്ഗ ദർശനത്തിനായി വിലപിക്കുന്നു. അവൻ സർവ്വശക്തനാണ്, അവൻ സർവ്വ ശക്തിയുടെ കേന്ദ്രമാണ്, അവൻ നഗ്ന നേത്രങ്ങളാൽ ദൃശ്യമല്ല, എല്ലാ ജീവന്റെയും ഉറവിടമായി അവൻ പ്രതിനിധാനം ചെയ്യുന്നു, ജീവൻ എന്നു പറയുന്നത് അവൻ തന്നെയാണ്. ദൈവത്തിന്റെ പിൻതാങ്ങലില്ലാതെ, അവന് മുന്നോട്ടു പോകാനാവില്ല, ആത്മാവ് ഒരു പ്രകാശധാരയ്ക്കായി അഭിലഷിക്കുന്നു, ഇതിന്റെ പാത പ്രകാശഭരിതമാകാൻ, മാർഗ്ഗദർശനം ലഭ്യമാക്കാൻ ഒരു വഴികാട്ടിയെ തേടുന്നു. ദൃഢ ജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ ! മാനവ സമുദായത്തിന് അത്തരം ഒരു ദൃഢത ആവശ്യമാണ്. അനുകൂലവും വിവരണാത്മകവുമായ മാർഗ്ഗദർശനം ! സ്നേഹ നിധിയായ അതേ സ്രഷ്ടാവ് നമ്മെ നിലനിർത്തുന്നു, പ്രപഞ്ചത്തെ നിലനിർത്തുന്നു, നമ്മുടെ ഭൗതിക ആവശ്യങ്ങൾ പൂർത്തീകരിക്കുവാനുള്ള ഉത്തരവാദിത്വവും അവൻ സ്വയം ഏറ്റെടുത്തുകൊണ്ട് ഈ സുപ്രധാന ആവശ്യത്തിനുള്ള സാധന സാമഗ്രികൾ വിതരണം ചെയ്യുകയും ചെയ്യുന്നു. ഭൂമുഖത്ത് മനുഷ്യ വാസത്തിന്റെ തുടക്കം മുതൽ തന്നെ, മതവും നിലനിൽക്കുന്നുണ്ട് എന്നത് ഒരു വസ്തുതയാണ്. മാനവ ചരിത്രം അതിന് സാക്ഷ്യം വഹിക്കുന്നു.

ഉദാരമതിയായ ദൈവം സൃഷ്ടിപ്പിനോടൊപ്പം തന്നെ മാനവകുലത്തിന് മാർഗ്ഗദർശനം നൽകുന്നു എന്നാണ് ഇത് കാണിക്കുന്നത്. അതുകൊണ്ട് ഇരുട്ടിൽ തപ്പി തടയേണ്ടി വരുന്നില്ല. പ്രകൃതിക്ക് ഇണങ്ങുന്ന നിയമ ത്തിന്റെ പാതയിൽ അവന് സഞ്ചരിക്കുവാൻ കഴിയുന്നു. ദൈവം, നിയമിച്ചവർ, ആ മാർഗ്ഗദർശനം വിളംബരം ചെയ്യുന്നു. മതത്തിന്റെ സങ്കേതഭാഷയിൽ അവരെ പ്രവാചകന്മാർ, സന്ദേശവാഹകർ, സുവിശേഷകർ എന്നി ങ്ങനെ അറിയപ്പെടുന്നു. പ്രസ്തുത മാർഗ്ഗ ദർശനം ദൈവീക വെളിപാടിലൂടെ അവർക്ക് സ്വയം സ്വീകരിക്കു വാൻ കഴിയുന്നു. അവരത് ജനങ്ങളുടെ മുമ്പാകെ എഴുതപ്പെട്ട നിലയിൽ സമർപ്പിക്കുമ്പോൾ, അതിനെ വേദം അഥവാ വെളിപാട് ഗ്രന്ഥം എന്നറിയപ്പെടുന്നു. പരിശുദ്ധ പ്രവാചകൻ, മുഹമ്മദ് (സ) അവസാനത്തെ നിയമവാഹകനായ പ്രവാചകനായിരുന്നു. അല്ലാഹുവിന്റെ അന്തിമ നിയമങ്ങൾ സ്വീകരിക്കുവാനുള്ള അനു ഗ്രഹങ്ങൾ അദ്ദേഹത്തിന് ലഭിക്കുകയുണ്ടായി. വിശുദ്ധ ഖുർആനിൽ അടങ്ങിയിരിക്കുന്നത് പ്രസ്തുത അനു ഗ്രഹ വചനങ്ങളാണ്. തന്റെ പ്രിയ ദാസൻ മുഹമ്മദ് (സ) ന്റെ സമുദായത്തിലുള്ള അവന്റെ ദാസന്മാരുമായി, അല്ലാഹു സംസാരിക്കില്ലായെന്ന് ഇതിന് ഒരു രീതിയിലും അർത്ഥമില്ല. അഥവാ തന്റെ ദാസന്മാർക്ക് അവൻ വെളിപാടുകൾ നൽകില്ലായെന്നും ഇതിനർത്ഥമില്ല. അരൂപനായവനിൽ നിന്നുള്ള ആ ബോധനങ്ങൾ അവർ എഴുതില്ലായെന്നോ, അവർക്ക് ലഭിക്കുന്ന വെളിപാടുകൾ മനുഷ്യകുലത്തിന് പ്രയോജനകരമായ വാർത്ത യായി തീരില്ലായെന്നോ ഇതിനർത്ഥമില്ല. ഈ ഗ്രന്ഥങ്ങൾ, അതെ, വെളിപാട് ഗ്രന്ഥങ്ങളാകുന്നു. വിശുദ്ധ ഖുർആനിൽ ഉള്ളതുപോലെ അല്ലാഹുവിൽ നിന്നുള്ള നിയമങ്ങളല്ല. അത്തരം വെളിപാട് ഗ്രന്ഥങ്ങളെല്ലാം വിശുദ്ധ ഖുർ ആനിലെ കൽപനകൾക്ക് വിധേയമായിട്ടുള്ളതാകുന്നു. അവയെല്ലാം വിശുദ്ധ ഖുർആന്റെ പരിശുദ്ധതയും ആധികാരികതയും വ്യക്തമാക്കുന്നതാണ്. നിയമവാഹകരായ പ്രവാചകന്മാരാണ്, ദൈവീക നിയമങ്ങൾ കൊണ്ട് അനുഗ്രഹിക്കപ്പെടുന്നത്. അഥവാ വേദഗ്രന്ഥം കൊണ്ട് അനുഗ്രഹിക്കപ്പെടുന്നു. അത്തരം ഗ്രന്ഥങ്ങളുടെ ഉള്ളടക്കങ്ങൾ നിയമങ്ങളായിരിക്കും. പ്രപഞ്ച സ്രഷ്ടാവും നിലനിർത്തുന്നവനുമാ യവന്റെ നിയമങ്ങളാണത്. മനുഷ്യന്റെ ശരിയായ ജീവിതത്തിനായി! അത്തരത്തിലുള്ള അവസാനത്തെ വേദ ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. സമ്പൂർണ്ണ നിയമാവലിയാണത്,അത് അന്ത്യദിനം വരെയും നിലനിൽക്കു ന്നതും പച്ചയണിഞ്ഞ് നിൽക്കുന്നതുമായിരിക്കും.

മാർഗ്ഗദർശനത്തിന്റെ ലക്ഷ്യം ദൈവീക നിയമത്തിന് മനുഷ്യൻ കീഴടങ്ങി കഴിയുക എന്ന് പഠിപ്പിക്കു വാനാണ്. അറബിക് വാക്കായ ഇസ്ലാം എന്ന വാക്കിലൂടെ അതാണ് പ്രകടമാക്കുന്നത്. ദൈവീക മാർഗ്ഗ ദർശനം ആഗ്രഹിക്കുന്നത് മനുഷ്യൻ അതനുസരിച്ച് പ്രവർത്തിക്കണമെന്നും പെരുമാറണമെന്നുമാണ്. അതാണ് പ്രകൃ തിയുടെ യഥാർത്ഥ നിയമം. അവന്റെ ബുദ്ധിയും അവന്റെ സ്വാതന്ത്ര്യവും ഉപയോഗപ്പെടുത്തി, അവന്റെ പ്രകൃതിയിൽ അത് അംഗീകരിപ്പിക്കുക. അങ്ങനെ അല്ലാഹുവിന് വേണ്ടി സമർപ്പിക്കപ്പെട്ട ഒരു ജീവിയായി തീരുക. അല്ലാഹുവിന്റെ മറ്റു സൃഷ്ടിജാലങ്ങളെ പോലെ ഒരു യന്ത്രത്തെപ്പോലെ അവന്റെ കൽപനകൾ അനുസരിച്ച് നീങ്ങുവാൻ അവന് കഴിയുന്നില്ലെങ്കിൽ പോലും, അവനിൽ നിക്ഷിപ്തമായിരിക്കുന്നത് പ്രയാ സകരമായ ഉത്തരവാദിത്വമാണ്, അവൻ സത്യം കണ്ടെത്തണം എന്നിട്ട് അതനുസരിച്ച് പ്രവർത്തിക്കണം. അങ്ങനെ മറ്റ് സൃഷ്ടികളുമായി താരതമ്യം ചെയ്താൽ, അവൻ അവന്റെ പരീക്ഷണങ്ങളിൽ വിജയിച്ചാൽ, അവന് ലഭ്യമാകുന്ന പ്രതിഫലങ്ങൾ എണ്ണമറ്റതായിരിക്കും. ഒറ്റവാക്കിൽ പറഞ്ഞാൽ, ദൈവീക മാർഗ്ഗദർശനം ആഗ്രഹിക്കുന്നത് മനുഷ്യൻ ഒരു മുസ്ലീം ആയിരിക്കണമെന്നാണ്. വിശുദ്ധ ഖുർആൻ പറഞ്ഞു.**"അതിനാൽ, ഋജുമാനസനായി നിന്റെ സകല ശ്രദ്ധയും മത (സേവന) ത്തിനായി തിരിച്ചു നിർത്തുക. അല്ലാഹു ഏതൊരു പ്രകൃതിയിൽ മനുഷ്യരെ സൃഷ്ടിച്ചുവോ ആ പ്രകൃതി (കൈക്കൊള്ളുക) അല്ലാഹുവിന്റെ സൃഷ്ടിപ്പിന് ഒരു മാറ്റ വുമില്ല. അതത്രെ എന്നും നിലനിൽക്കുന്ന മതം. പക്ഷെ, മനുഷ്യരിൽ അധികം ആളുകളും യാഥാർത്ഥ്യം അറി യുന്നില്ല." 30:31**

ഈ മാർഗ്ഗദർശനം ഒരു വിഭാഗത്തിനോ അല്ലെങ്കിൽ ഒരു സമുദായത്തിനോ മാത്രം നിശ്ചയിച്ചിട്ടുള്ളത ല്ല. ഇത് അയക്കപ്പെട്ടിരിക്കുന്നത് ലോകത്തിലെ എല്ലാ രാജ്യങ്ങൾക്കും എല്ലാ ജനതയ്ക്കും വേണ്ടിയാണ്. ഈ ദൈവീക അനുഗ്രഹം സാർവ്വദേശീയമായി നൽകപ്പെട്ടിരിക്കുന്നു. വിശുദ്ധ ഖുർ ആൻ പ്രസ്താവിക്കു ന്നു. **"ഒരു ദൈവീക മുന്നറിയിപ്പുകാരൻ വന്നു കഴിഞ്ഞിട്ടില്ലാത്ത ഒരു സമുദായവുമില്ല." 35:25**

അവരിൽ ചിലരുടെ പേരുകൾ ചരിത്രത്തിലൂടെ സംരക്ഷിക്കപ്പെട്ടിരിക്കുന്നു. എന്നാൽ മറ്റേനകം ആളുകളുടെ പേരുകളും പ്രവർത്തനങ്ങളും വിസ്മൃതിയിലാണ്ടു പോയി. ഇപ്പോഴും ഓർക്കപ്പെടുന്ന, വിശിഷ്യാ വിശുദ്ധ ഖുർആനിൽ പരാമർശിച്ചിട്ടുള്ള ചില നാമങ്ങളാണ് ആദം, നൂഹ്, ഇബ്രാഹീം, ഇസ്മായിൽ, ഇസ്ഹാക്ക്, യഅ്ഖൂബ്, യൂസുഫ്, മൂസ, ദാവൂദ്, സുലൈമാൻ, സക്കരിയ്യാ, യഹ്യ്യാ, ഈസാ, മുഹമ്മദ് (സ) തുടങ്ങിയവ.

അതി മഹാനായ പ്രവാചകൻ മുഹമ്മദ് (സ) ക്രിസ്താബ്ദം 7-ാം നൂറ്റാണ്ടിൽ ആഗതരായി. കഴിഞ്ഞുകടന്ന പ്രവാചകന്മാരുടെ പാതയിലേക്ക് മനുഷ്യ സമുദായത്തെ അദ്ദേഹം ക്ഷണിച്ചു. ലോകത്തിന്റെ മുൻപിൽ അദ്ദേഹം പരിശുദ്ധ ഖുർ ആൻ സമർപ്പിച്ചു. അതിൽ പറഞ്ഞിട്ടുള്ള നിയമങ്ങൾ, മുൻകഴിഞ്ഞ പ്രവാചകന്മാർ പഠിപ്പിച്ചിട്ടുള്ളതാണ്, അതിന്റെ പരിപൂർണ്ണ അവസ്ഥയിലും പരിപൂർണ്ണ വിശദീകരണ രൂപത്തിലും! മുൻ കഴിഞ്ഞ ഗുരുക്കന്മാർ പഠിപ്പിച്ച അധ്യാപനങ്ങൾക്ക് ജനങ്ങൾ ജൂദായിസം, ക്രിസ്ത്യാനിറ്റി, തുടങ്ങിയ പേരുകളിട്ടു. ഇസ്ലാമിന്റെ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) അവരെ ഓർമപ്പെടുത്തുന്നു. ആ ഗുരുക്കന്മാർ പഠിപ്പിച്ച യഥാർത്ഥ, തനതായ, അർത്ഥവത്തായ പേര് ഇസ്ലാം എന്നായിരുന്നു. വിശുദ്ധ ഖുർ ആന്റെ വാക്കുകളിലൂടെ അദ്ദേഹം പ്രഖ്യാപിച്ചു. **"തീർച്ചയായും അല്ലാഹുവിന്റെ പക്കൽ സ്വീകാര്യമായ മതം ഇസ്ലാം (പരിപൂർണ്ണമായ അനുസരണം പുലർത്തൽ) ആകുന്നു"** വീണ്ടും സർവ്വശക്തനായ അല്ലാഹു പറയുന്നു. **" ഇബ്രാഹീം ജൂതനോ, ക്രിസ്ത്യാനിയോ ആയിരുന്നില്ല. പ്രത്യുത അദ്ദേഹം (ദൈവമാർഗ്ഗത്തിൽ) ഉറച്ചു നിൽക്കുന്നവനും പരിപൂർണ്ണ അനുസരണമുള്ളവനുമായിരുന്നു. അദ്ദേഹം ബഹുദൈവ വിശ്വാസികളിൽ പെട്ടവനായിരുന്നില്ല."** (3:68)

നാം, ആയതിനാൽ, ഇസ്ലാമിനെ മതമെന്ന നിലയിൽ നോക്കി കാണുക. പ്രകൃത്യായുള്ള മനുഷ്യന്റെ ജീവിത വഴിയാണത്, മാനവസൃഷ്ടിയുടെ കാലം മുതൽ! അല്ലാഹു നമ്മളെ എല്ലാവരെയും മുസ്ലീങ്ങൾ എന്നാണ് പേർ വിളിച്ചിരിക്കുന്നത്, അവനായി മാത്രം സകലതും സമർപ്പിക്കുന്നവരായിരിക്കുവാനും! അതാണ്, സമ്പൂർണ്ണമായ ജീവിതത്തിന്റെ അന്തിമ നിയമാവലി. അതാണ് വിശുദ്ധ ഖുർആൻ. അല്ലാഹു (ത) എടുത്തു പറഞ്ഞിരിക്കുന്നു നമ്മുടെ യഥാർത്ഥ മതം ഇസ്ലാം ആകുന്നു, മറ്റൊന്നുമല്ല. അല്ലാഹുമായുള്ള പുണ്യബന്ധം അതാണ്. നാം അവനായി സകലതും സമർപ്പിക്കേണ്ടതുണ്ട്. അവന്റെ കാരുണ്യത്തിന്റെ ഗിരിശൃംഖങ്ങളിലെത്തുവാൻ ! അവന്റെ സ്നേഹത്തണലിൽ വിശ്രമം കൊള്ളാൻ! അവന്റെ മഹത്വപൂർണ്ണമായ യശസ്സിൽ ആശ്വാസം കൊള്ളാൻ!

**യഥാർത്ഥ ഇസ്ലാമിനെ നമ്മുടെ ദൈനംദിന ജീവിതത്തിൽ തിരിച്ചറിയുവാൻ നമ്മളിൽ ഓരോരുത്തർക്കും അല്ലാഹു പ്രാപ്തി നൽകട്ടെ ! നമ്മുടെ ജീവിത ലക്ഷ്യം അതുമാത്രമാണ്. നമ്മുടെ ഇസ്ലാം നമ്മുടെ ഉള്ളിൽ നിന്നുള്ളതാണ്, അത് മുഴുവൻ ലോകത്തെയും പ്രകാശപൂരിതമാക്കും. അല്ലാഹുവിൽ നിന്നുള്ള ഒരു വരദാനമാണ് ഇസ്ലാം. നമ്മെ സഹായിക്കുവാൻ, അതിനെ സമ്പൂർണ്ണമാക്കുക! അപ്പോൾ നമുക്ക് യഥാർത്ഥ വഴികാട്ടികളായി തീരാൻ സാധിക്കും. മനുഷ്യ സമുദായത്തെ സംസ്ക്കരിക്കുവാൻ കഴിയും. മാനവ രാശിയെ ദൈവത്തിലേക്ക് മടക്കികൊണ്ടു വരുവാൻ കഴിയും ! ഇൻശാ അല്ലാഹ് ആമീൻ.**


Translated & Issued By

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*